ആർ.ബി.ഐ/2005-06/48
ആർ.പി.സി.ഡി./സി.ഒ.ആർ.എഫ്.
ബി.സി. നമ്പർ 12/07-38-01/2005-06

ജൂലൈ 12, 2005

ദി ചെയർമാൻ/സി.ഇ.ഒ.എസ്
എല്ലാ സ്റ്റേറ്റു ജില്ലാ കോപ്പറേറ്റീവു ബാങ്കുകൾക്കും

പ്രിയമുള്ള സർ,

**മരിച്ചുപോയ നിക്ഷേപകരുടെ അവകാശതീരുമാനം - നടപടി ലഘൂകരണം**

2003 നവംബർ 3-നുള്ള റിസർവ്വ് ബാങ്ക് ആഫ് ഇന്ത്യയുടെ വാർഷിക പോളിസിയുടെ അർദ്ധകാല പുനരവലോകന പ്രഖ്യാപനത്തെ തുടർന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പബ്ലിക് സർവ്വീസസ് ആഡിറ്റിനുള്ള (സി.പി.പി.എ.പി.എസ്) . പൊതുസർവ്വീസുകൾ പൊതുജനങ്ങൾക്കു നൽകുന്ന പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കമ്മിറ്റി കൂടി. ആ കമ്മറ്റി അതിന്റെ ബാങ്കിംഗ് പ്രവർത്തനം എന്ന 3-ാം നമ്പർ റിപ്പോർട്ടിൽ ഡപ്പോസിറ്റ് അക്കൗണ്ടുകളും വ്യക്തികൾക്കുള്ള മറ്റാനുകൂല്യങ്ങളും (ബിസ്സിനസ് ഉൾപ്പെടാതെ) മരിച്ചുപോയ നിക്ഷേപകരുടെ കുടുംബത്തിനുമുള്ള സിവിൽ അവകാശ നടപടി കാര്യങ്ങളെ നിരീക്ഷിച്ച് മരിച്ചുപോയ നിക്ഷേപകരുടെ അവകാശങ്ങൾ നൽകുന്നതു സംബന്ധിച്ച ബാങ്കുകൾക്കു നൽകിയിട്ടുള്ള ഞങ്ങളുടെ അറിയിപ്പു ആർ.പി.സി.ഡി.സി.ഒ. നമ്പർ ആർ.എഫ്.ബി.സി. 09/07-38-01/2000-2001 തീയതി ആഗസ്റ്റ് 22, 2000-ഉം ആർ.പി.സി.ഡി.സി.ഒ. നമ്പർ ആർ.എഫ്.ബി.സി. 59/07-28-01/2000-2001 തീയതി 27 ഫെബ്രുവരി 2001, അനുസരിച്ചു നിലവിലുള്ള വിതരണ രീതി പുന:പ്പരിശോധിച്ചും സി.പി.എ.പി.എസിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. മുൻപുള്ള എല്ലാ ഉത്തരവുകളേയും മറികടന്ന് വേഗത്തിലും ബുദ്ധിമുട്ടില്ലാത്തതുമായ മരിച്ച ഡിപ്പോസിറ്ററുടെ അവകാശം നൽകാൻ നടപടിയായിരിക്കുന്നു.

**2. നിക്ഷേപ അക്കൗണ്ടുകളിലെ ബാലൻസു ലഭിക്കുക**

**എ) നോമിനി ജീവിച്ചിരിക്കുന്ന അവകാശി ഉൾപ്പെട്ട അക്കൗണ്ട്**

2.1 താങ്കൾക്കറിവുള്ളതാണല്ലോ നിക്ഷേപകർ അവകാശിയെ നിശ്ചയിക്കുന്ന സൗകര്യം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, അക്കൗണ്ടു തുറക്കുമ്പോൾ ജീവിച്ചിരിക്കുന്നവർക്കുള്ള ഭാഗം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ (ആരെങ്കിലുമോ, ജീവിച്ചിരിക്കുന്നവരോ അല്ലെങ്കിൽ ആരെങ്കിലും ഒരാളോ, ജീവിച്ചിരിക്കുന്നവരോ അല്ലെങ്കിൽ ആദ്യം പറഞ്ഞ ആളോ, ജീവിച്ചിരിക്കുന്നവരോ, അല്ലെങ്കിൽ ഒടുവിൽ പറഞ്ഞ ആളോ ജീവിച്ചിരിക്കുന്നവരോ) ഡപ്പോസിറ്റ് അക്കൗണ്ടിൽ

ബാലൻസുണ്ടെങ്കിൽ നോമിനിയോ, ജീവിച്ചിരിക്കുന്നവരോ ഉണ്ടെങ്കിൽ ആ ബാദ്ധ്യത തീർക്കുന്നതിനു ബാങ്കിനു വലിയ സൗകര്യം ലഭിക്കുന്നു.

എ) മരിച്ച ആളിന്റെ അവകാശിയെ നോമിനിയോ, ജീവിച്ചിരിക്കുന്നവരോ ആയവരെ ശരിയായ രേഖകളുടെ അടിസ്ഥാനത്തിൽ കണ്ടുപിടിക്കണം. അക്കൗണ്ടുള്ള ആൾ മരിച്ചാൽ അതു ശരിയായ തെളിവു പ്രകാരം ബാങ്കു കണ്ടെത്തണം.

ബി) അധികാരമുള്ള കോടതിയിൽ നിന്നു മരിച്ച ആളുടെ അക്കൗണ്ടിൽ നിന്നു കൊടുക്കുന്നതു തടഞ്ഞുകൊണ്ടുള്ള ഉത്തരവില്ലാത്തപക്ഷം

(സി) നോമിനിയോ, ജീവിച്ചിരിക്കുന്ന ആളോ, അതു സ്വീകരിക്കുന്നതും ബാങ്ക് ഒരു ട്രസ്റ്റി എന്ന നിലയിൽ നിയമപരമായ അവകാശിക്കു നൽകുന്നതുമാണ് എന്നതും അയാളെ ബോധ്യപ്പെടുത്തണം എന്നാൽ അത്തരം പണം നൽകുന്നവർക്കെതിരായി എന്തെങ്കിലും ബാധ്യതയുമായിവ വന്നാൽ അതു നിലനിൽക്കുകയില്ല.

2.2 മുൻപറഞ്ഞ രീതിയിൽ നോമിനിക്കോ, ജീവിച്ചിരിക്കുന്ന അവകാശിക്കോ പണം കൊടുത്തു കഴിഞ്ഞാൽ അതു ബാങ്കിന്റെ പൂർണ്ണമായ ബാധ്യത തീരുന്നതാണ് എന്ന കാര്യം ശ്രദ്ധിക്കുക. അവകാശ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയും മറ്റും ചെയ്യുന്ന കാര്യങ്ങൾ വലിയ ബുദ്ധിമുട്ടും അനാവശ്യവും ആയിരിക്കും അത് ജീവിച്ചിരിക്കുന്ന അവകാശി/നാമനിർദ്ദേശം നൽകിയിട്ടുള്ളവർ എന്നിവർക്കു വളരെ ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കും. അതു തീർക്കുന്നതു മേൽ നോട്ടം വഹിക്കുന്നവരുടെ ഇഷ്ടക്കേടുണ്ടാക്കുന്നതുമായിരിക്കും. അത്തരം കേസുകളിൽ ബാങ്കുകൾ അവകാശസർട്ടിഫിക്കറ്റ്, ലററർ ആഫ് അഡ്മിനി സ്ട്രേഷൻ, പ്രൊബേറ്റ എന്നിവ വേണ്ടതുകൊണ്ട് അതു വേണ്ടെന്നുവയ്ക്കാൻ നിർദ്ദേശിക്കുകയാണ്. അതുകൊണ്ടു മരിച്ച ഇടപാടുകാരന്റെ അക്കൗണ്ടിൽ എത്ര തുകയുണ്ടായിരുന്നാലും അവകാശി/നോമിനിയോട് ജാമ്യക്കാർ സഹിതം ഒരു ജാമ്യബോണ്ടുവയ്ക്കാൻ ആവശ്യപ്പെടുകയോ ചെയ്യേണ്ടതില്ല.

ബി) അവകാശി/നോമിനി ഉപയോഗിച്ചിട്ടില്ലാത്ത അക്കൗണ്ടുകളിൽ

2.3. മരിച്ചുപോയ നിക്ഷേപം ചെയ്ത ഇടപാടുകാരൻ അവകാശിയെ നിർണ്ണയിക്കാതിരുന്നാൽ (തനിച്ചും - കൂട്ടായുമുള്ള നിക്ഷേപങ്ങളിൽ) ലഘുവായ നടപടിക്രമം ബാങ്കിനു ചെയ്യാവുന്നതും അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശി

ച്ചാൽ അതു സാധാരണക്കാർക്കു വലിയ ബുദ്ധിമുട്ടു ഒഴിവാക്കാൻ സഹായിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ റിസ്ക് മാനേജ്മെന്റ് സിസ്റ്റം റദ്ദാക്കുകയും ഒരു ചെറിയ ശതമാനം തുക മരണപ്പെട്ട ആളുടെ അക്കൗണ്ടിൽ ബാലൻസ് ഇടുക. അങ്ങനെയാണങ്കിൽ ഉത്തരവാദിത്വരേഖയല്ലാതെ മറ്റു രേഖകൾ ആവശ്യംപ്പെടാതെ ഇടപാടുതീർക്കാൻ കഴിയും.

### 3. സമയബന്ധിത നിക്ഷേപങ്ങളെ കാലാവധിക്കുമുമ്പു അവസാനിപ്പിക്കുക

സമയബന്ധിത നിക്ഷേപങ്ങൾക്കു ബാങ്കുകൾ, നിക്ഷേപകന്റെ മരണമുണ്ടായാൽ കാലാവധിക്കു മുമ്പു നിക്ഷേപം തീർക്കുന്നതിന് ഒരു വകുപ്പുകൂടി ഉണ്ടാക്കം. അതു സമയ പരിധിക്കു മുമ്പ് നിക്ഷേപം അവസാനിപ്പിക്കാൻ സഹായിക്കും. ഈ കാര്യം കൂടി അക്കൗണ്ടു തുടങ്ങുന്നതിനുള്ള ഫോമിൽ ചേർക്കണം. അതിനു പീനൽ ചാർജ്ജുണ്ടാകാൻ പാടില്ല.

### 4. മരിച്ചുപോയ നിക്ഷേപകന്റെ പേരിലുള്ള ഇടപെടലിന്റെ വർദ്ധന

ജീവിച്ചിരിക്കുന്ന അവകാശി/നോമിനികൾക്കു ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, ബാങ്കുകളോട് അത്തരം അക്കൗണ്ടുകളിൽ; മതിയായ എഗ്രിമെന്റും, രണ്ടുപേരിൽ കൂടുതൽ ഇടപാടുകളുണ്ടാകുമെന്നുള്ള ഉറപ്പും വാങ്ങിക്കണം അതിനു ബാങ്കുകൾ താഴെ പറയുന്ന ഏതെങ്കിലും ഒരു മാർഗ്ഗം സ്വീകരിക്കണം.

മരിച്ചുപോയ നിക്ഷേപകന്റെ അവകാശിയെക്കൊണ്ട് ''മരിച്ചു പോയ ശ്രീ..............'' എന്ന പേരിൽ ഒരു അക്കൗണ്ടു തുടങ്ങണം. എല്ലാ രീതിയിലുമുള്ള ഇടപാടുകൾ അവിടെ എത്തിച്ചേരുന്നതും, അതിൽ നിന്നും പിൻവലിക്കൽ തടയാൻ നോമിനിയോ, അവകാശിയോ ബാങ്കിനെ അധികാരപ്പെടുത്തണം. അല്ലെങ്കിൽ ''നിക്ഷേപകൻ മരിച്ചുപോയി'' എന്നു രേഖപ്പെടുത്തി, അക്കൗണ്ടിലേയ്ക്ക് വന്ന തുകകൾ തിരിച്ചയയ്ക്കാൻ അവകാശിക്ക്/നോമിനിക്ക് ബാങ്കിനെ ചുമതലപ്പെടുത്തണം പണമടച്ച ആളോട് നെഗോഷിബിൾ ഇൻസ്ട്രുമെന്റ് പ്രകാരം പണമടയ്ക്കാൻ നോമിനിക്ക് അവകാശിക്ക് അറിയിക്കാം

### 5. സുരക്ഷാ ലോക്കറുകളിലേക്കും/സുരക്ഷയോടു സാധനങ്ങൾ ലഭിക്കുന്നതിന്

സാധനങ്ങൾ സുരക്ഷാ പെട്ടികളിൽ വയ്ക്കുന്ന ആളുടെ അവകാശികളേയും മരണമടഞ്ഞവരുടെ അവകാശികൾക്കോ നോമിനിക്കോ മരണമടഞ്ഞാൽ ലഭിക്കുന്നതിന് ജീവിച്ചിരിക്കുന്ന അവകാശികളെ സംബന്ധിക്കുന്ന വകുപ്പിൽ സാധിക്കുമോ മുൻപ് പറഞ്ഞിട്ടുള്ള രീതിയിലുള്ള നടപടിക്രമങ്ങൾ തുടരണം. അതിനു പ്രത്യേകിച്ചു മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതാണ്.

### 6. അവകാശങ്ങൾ തീർച്ചപ്പെടുത്തുന്നതിനുള്ള സമയപരിധി.

മരിച്ചുപോയ സുരക്ഷാ ലോക്കർ എടുത്തു സാധനങ്ങൾ സൂക്ഷിക്കുന്നവരുടെ അവകാശികൾ നൽകുന്ന അപേക്ഷ ആ തീയതി മുതൽ 15 ദിവസത്തിനകം തീർച്ചപ്പെടുത്തണം എന്നാൽ മതിയായ തെളിവുകൾ, മരണ സർട്ടിഫിക്കറ്റ് അവകാശികളുടെ ശരിയായ തിരിച്ചറിയൽ രേഖകൾ എന്നിവ ബാങ്കിന്റെ തൃപ്തിക്കനുസരണമായി ഹാജരാക്കിയിരിക്കണം.

മരിച്ച സുരക്ഷാ ലോക്കറുകളുൾപ്പെടുത്തിയ ആളുകൾക്കുവേണ്ടിയുള്ള അപേക്ഷകൾ, മരിച്ചുപോയ നിക്ഷേപകളുടെ അവകാശികൾ നൽകുന്ന അപേക്ഷകൾ എന്നിവയുടെ എണ്ണവും സുരക്ഷാ ലോക്കറിൽ വച്ചിട്ടുള്ള സാധനങ്ങളുടെ എണ്ണവും, കൊടുത്തു തീർക്കാൻ കഴിയാത്ത അപേക്ഷകളുടെ എണ്ണം അതിനുള്ള കാരണം എന്നിവ ആനുപാതികമായ ഇടവേളകളിൽ ബാങ്കുകൾ ബോർഡിനു റിപ്പോർട്ടു നൽകേണ്ടതാണ്.

## 7. 1919-ലെ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ ചട്ടങ്ങൾ

ഇതോടനുബന്ധിച്ച് നിങ്ങളുടെ ശ്രദ്ധ 1919 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് 45 ഇസഡ് എ മുതൽ 45 ഇസഡ് എഫ് വരെയുള്ള വകുപ്പുകളിലേക്ക് ക്ഷണിക്കുകയാണ് (കോപ്പറേറ്റീവു സൊസൈറ്റികൾക്ക് ബാധകമായ രീതിയിൽ)

## 8. ലഘൂകരിച്ച് നടപടിക്രമവും/ചട്ടങ്ങളും

നബാർഡിനോട് ഒരു മാതൃക നടപടിക്രമം (എം.ഒ.പി.) മരണമടഞ്ഞ അവകാശികളുടെ അവകാശങ്ങൾ തീർപ്പാക്കുന്നതിന് തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഏതു സാഹചര്യങ്ങളിലും ബന്ധപ്പെട്ടുണ്ടാവുന്ന കാര്യങ്ങൾ നിർദേശിച്ചിട്ടുള്ള അറിയിപ്പുകളിൽ നിന്നു ബാങ്കിനുൾക്കൊള്ളാവുന്നതാണ്. അതുകൊണ്ട് മരിച്ച നിക്ഷേപങ്ങളുടേയും സുരക്ഷാ ലോക്കറുകൾ ഏർപ്പെടുത്തിയവരുടേയും, സുരക്ഷാ സാധനങ്ങൾ സൂക്ഷിച്ചിട്ടുള്ളവരുടേയും എല്ലാം മൊത്തത്തിലുള്ള നടപടിക്രമം അവ ലഘൂകരിക്കുന്നതിനും ജീവിച്ചിരിക്കുന്ന അവകാശികൾക്കുലഭ്യമാക്കുന്നതിനും ബോർഡിന്റെ അനുവാദത്തോടെ നടപ്പാക്കാൻ ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതു നിയമപരമായ നടപടികളേയും മുൻ നടപടിക്രമങ്ങളേയും ഉൾക്കൊണ്ടാണ് നബാർഡ് എം.ഒ.പി. രൂപപ്പെടുത്തേണ്ടത്.

## 9. ഇടപാടുകാർക്കുള്ള നിർദ്ദേശങ്ങളും പ്രചരണവും

നോമിനേഷൻ സൗകര്യത്തെക്കുറിച്ചും മറ്റ് നിർദ്ദേശങ്ങളെ സംബന്ധിച്ചും ബാങ്ക് പ്രാധാന്യം കൊടുക്കുകയും ഇത് ഉപഭോക്താക്കളെ അറിയിക്കുക ചെയ്യുക. നോമിനിയെ /അവകാശിയെ നിർദ്ദേശിക്കേണ്ട സൗകര്യം പ്രയോജനപ്പെടുത്തിയില്ലെങ്കിൽ ആ തുക നഷ്ടപ്പെട്ടു പോകുമെന്ന കാര്യവും ഉപഭോക്താക്കളെ തുടക്കത്തിൽ തന്നെ അറിയിക്കുക

**10.** ഈ നിർദ്ദേശങ്ങളെ ഉപഭോക്താക്കൾക്കുള്ള സേവനത്തിനുള്ള പ്രധാന രേഖയായി സ്വീകരിക്കുകയും മരണമടഞ്ഞ ഉപഭോക്താവിന്റെ അവകാശിയെ/നോമിനിയെ വിവരമറിയിക്കുകയും വേണം

**11.** കത്ത് കിട്ടിയ വിവരത്തിന് ഞങ്ങളുടെ ബന്ധപ്പെട്ട ഡിവിഷൻ ആഫീസുകളെ അറിയിക്കുക.

വിശ്വാസപൂർവ്വം

**(സി.എസ്. മൂർത്തി)**

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്ജ്